ഉത്തരം

(എ) ദേശീയപാതയുടെ സ്ഥലമെടുപ്പ് ചുമതലയുള്ള റവന്യൂ സ്ഥലമെടുപ്പ് ഓഫീസുകൾക്ക് ഫണ്ട് നൽകില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല. നിർത്തലാക്കിയ ആഫീസിലെ റവന്യൂ ജീവനക്കാർക്ക് അതതു ജില്ലയിൽ പുനർവിന്യാസം നടത്താൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജീവനക്കാരെ അതതു ജില്ലകളിൽ തന്നെ പുനർവിന്യസിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം - കിള്ളിയാറിന്റെ കരഭൂമി കയ്യേറ്റം

148(4779) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കിള്ളിപാലം മുതൽ ചിറമുക്ക് വരെ കിള്ളിയാറിന്റെ കരഭൂമി ആരെങ്കിലും കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കെതിരെ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ) കിള്ളിയാറിന്റെ തീരത്ത് അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തഹസീൽദാരുടെ സഹായത്തോടെ കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തുന്ന നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭ മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നു.

ഭൂരഹിതർക്കു ഭൂമി നൽകുന്ന പദ്ധതി - കാസർഗോഡ്

149(4780) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്കു ഭൂമി നൽകുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ ഇനി എത്ര പേർക്ക് ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എപ്പോൾ ഭൂമി നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്ന് തെരഞ്ഞെടുത്തിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തന്നെ ഭൂമി അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പട്ടയം ലഭിച്ചു കഴിഞ്ഞവർക്ക് ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനങ്ങളും ജില്ലയിൽ പുരോഗമിച്ചു വരികയാണ്.

സംസ്ഥാനത്തിന് വെളിയിൽ സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമി

150(4781) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമികളും അവയിലുള്ള കെട്ടിടങ്ങളും സംസ്ഥാനത്തിന് വെളിയിൽ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഈ ഭൂമികളിലെ കയ്യേറ്റം തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവ സംരക്ഷിക്കുവാൻ നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) പത്മനാഭപുരം സമുച്ചയം ഉൾപ്പെടുന്ന ഭൂമിയിൽ റീ-സർവ്വേയിൽ കുറവ് വന്നിട്ടുണ്ടെന്ന് കണ്ടെത്തിയ ഭൂമി ഇപ്പോഴുള്ള അതിരിന് വെളിയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. രണ്ട് സർക്കാരും ചേർന്നുള്ള റീ-സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റാലത്തുള്ള കേരള പാലസിന്റെ ഭൂമിയിൽ 20.5 സെന്റ് സ്ഥലം ഹിന്ദു റിലീജയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന പേരിലുള്ള സംഘടന കയ്യേറിയിട്ടുണ്ട്. പ്രസ്തുത കയ്യേറ്റം ഒഴിവാക്കുന്നതിനുള്ള നിയമ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്